KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank Vol.2 Issue.8 August 2022

# 'Mission 100 days' വിജയിപ്പിക്കാൻ സംസ്ഥാനമാകെ സന്നാഹങ്ങൾ ഒരുങ്ങി



Mission 100 days എറണാകുളം ജില്ലാ തല ഉദ്ഘാടനം ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിക്കൽ നിർവഹിക്കുന്നു.



തൃശ്ശൂർ ജില്ലാ തല യോഗത്തിൽ കേരള ബാങ്ക് വൈസ് പ്രസിഡന്റ്, ശ്രീ.എം.കെ കണ്ണൻ സംസാരിക്കുന്നു.



തിരുവനന്തപുരം ജില്ലാതല ശില്പശാല ബോർഡ് ഓഫ്മാനേജ്മെന്റ്ചെയർമാൻ, ശ്രീ. വി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.



കൊല്ലം ജില്ലാതല ഉദ്ഘാടനം കൊല്ലം CPC-ൽ ബാങ്ക് ഡയറക്ടർ, അഡ്വ. ജി. ലാലു കുടിശ്ശിക തുക ഏറ്റുവാങ്ങി നിർവഹിക്കുന്നു.



പത്തനംതിട്ട ജില്ലാതല ഉദ്ഘാടനം ബാങ്ക് ഡയറക്ടർ, ശ്രീമതി എസ്. നിർമ്മല ദേവി നിർവ്വഹിക്കുന്നു.



ആലപ്പുഴ ജില്ലാതല ശില്പശാലയിൽ ബാങ്ക് ഡയറക്ടർമാരായ, ശ്രീ. എം. സത്യപാലൻ, ശ്രീമതി എസ്. നിർമ്മല ദേവി എന്നിവർ.



കോട്ടയം ജില്ലാതല ഉദ്ഘാടനം ബാങ്ക് ഡയറക്ടർ, ശ്രീ. കെ. ജെ. ഫിലിപ്പ് കുഴികുളം നിർവഹിക്കുന്നു.



ഇടുക്കി ജില്ലാതല ശില്പശാല ബാങ്ക് ഡയറക്ടർ ശ്രീ.കെ വി ശശി ഉദ്ഘാടനം ചെയ്യുന്നു.



പാലക്കാട് ജില്ലാതല ശില്പശാല ബാങ്ക് ഡയറക്ടർ, ശ്രീ.എ.പ്രഭാകരൻ, എം.എൽ.എ ഉത്ഘാടനം ചെയ്യുന്നു.



കോഴിക്കോട് ജില്ലാതല ഉദ്ഘാടനം ബാങ്ക് ഡയറക്ടർ, ശ്രീ. ഇ. രമേശ് ബാബു നിർവഹിക്കുന്നു.



വയനാട് ജില്ലാതല ശില്പശാലയിൽ ബാങ്ക് ഡയറക്ടർമാരായ ശ്രീ.പി.ഗഗാറിൻ, ശ്രീ. ഇ. രമേശ് ബാബു എന്നിവർ.



കണ്ണൂർ ജില്ലാതല ഉദ്ഘാടനം ബാങ്ക് ഡയറക്ടർ ശ്രീമതി വത്സല കുമാരി. കെ. ജി. നിർവഹിക്കുന്നു.



കാസറഗോഡ് ജില്ലാ തല ഉത്ഘാടനം ബാങ്ക് ഡയറക്ടർ, ശ്രീ. ഇ. സാബു എബ്രഹാം നിർവഹിക്കുന്നു.

കേരള ബാങ്ക് വിഭാവനം ചെയ്ത അതിതീവ്ര കുടിശ്ശിക നിർമ്മാജന യജ്ഞമായ 'Mission 100 days' വിജയമാക്കാനുള്ള മുന്നൊരുക്കങ്ങൾ ബാങ്കിന്റെ റീജിയണൽ ഓഫീസുകളിലും ക്രെഡിറ്റ് പ്രോസസിംഗ് സെൻററുകളിലും ആരംഭിച്ചു. Mission 100 daysന്റെ ഔദ്യോഗിക ഉദ്ഘാടനം ജൂലൈ 30 ന് എറണാകുളത്ത് വച്ച് സഹകരണ വകുപ്പ് മന്ത്രി ശ്രീ. വി. എൻ. വാസവൻ നിർവ്വഹിച്ചു. തുടർന്ന് എല്ലാ ജില്ലകളിലും ആഗസ്റ്റ് മാസം ഒന്നാം തീയതി തന്നെ ബാങ്ക് ഡയറക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്ഘാടനം സംഘടിപ്പിക്കുകയും പ്രവർത്തനം ഊർജ്ജിതമാക്കുകയും ചെയ്തു. മുഴുവൻ ജീവനക്കാരെയും (താൽക്കാലിക ജീവനക്കാർ ഉൾപ്പെടെ) വിളിച്ചുചേർത്ത് എല്ലാ ജില്ലകളിലും ശിൽപശാല സംഘടിപ്പിച്ചു. പാക്സുകളുടെ അവാർഡ് വിതരണവും ശില്പശാലയോടൊപ്പം നടന്നു. ആഗസ്റ്റ് ഒന്നു മുതൽ നവംബർ 8 വരെയാണ് മിഷൻ വിഭാവനം ചെയ്തിട്ടുള്ളത്.

NABARD
Published with assistance from NABARD under Co-operative Development Fund

# കേരളബാങ്ക് എക്സലൻസ് അവാർഡ് വിതരണം ചെയ്തു.

## കോട്ടയം





കോട്ടയം ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ കേരള ബാങ്ക് എക്സലൻസ് അവാർഡുകളുടെ വിതരണം സഹകരണ, രജിസ്ട്രേഷൻ, സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. വി. എൻ. വാസവൻ നിർവഹിച്ചു. കടുത്തുരുത്തി റീജിയണൽ സഹകരണ ബാങ്ക്, വലവൂർ സഹകരണ ബാങ്ക്, മരങ്ങാട്ടുപള്ളി സഹകരണ ബാങ്ക് എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന സ്ഥാനങ്ങൾ കരസ്ഥമാക്കി. കേരള ബാങ്ക് ഭരണ സമിതി അംഗം, ശ്രീ. ഫിലിപ്പ് കുഴികുളം അധ്യക്ഷത വഹിച്ച യോഗത്തിൽ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ശ്രീ. എൻ. വിജയകുമാർ, ബാങ്ക് ചീഫ് ജനറൽ മാനേജർ ശ്രീ. റോയി എബ്രഹാം, ജനറൽ മാനേജർ ശ്രീ. പ്രിൻസ് ജോർജ്, ജില്ലയിലെ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ, പ്രമുഖ സഹകാരികൾ തുടങ്ങിയവർ പങ്കെടുത്തു. വിജയികൾക്ക് യഥാക്രമം 50,001, 25,001, 10,001 രൂപയുടെ ക്യാഷ് അവാർഡ് കേരള ബാങ്ക് സമ്മാനിച്ചു.



## എറണാകുളം





എറണാകുളം ജില്ലയിൽ പ്രവർത്തന മികവിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിലെത്തിയ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളായ കവളങ്ങാട് എസ്.സി.ബി. കൊങ്ങോർപ്പിള്ളി ഫാർമേഴ്സ് എസ്. സി.ബി, വാരപ്പെട്ടി എസ്.സി.ബി എന്നിവർക്കുള്ള കേരള ബാങ്ക് എക്സലൻസ് പുരസ്ക്കാരവും കാഷ് അവാർഡ് വിതരണവും ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ നിർവ്വഹിച്ചു.

മിഷൻ 100 ഡേയ്സ് അതിതീവ്ര കുടിശിക നിർമാർജ്ജന കർമ്മ പദ്ധതിയുടെ എറണാകുളം ജില്ലാ തല ഉദ്ഘാടനവും ഇതോടൊപ്പം കേരള ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിക്കൽ നിർവഹിച്ചു. കാക്കനാട് എറണാകുളം ക്രെഡിറ്റ് പ്രൊസസിംഗ് സെന്ററിൽ നടന്ന ചടങ്ങിൽ ബാങ്ക് ഭരണ സമിതിയംഗം അഡ്വ. പുഷ്പദാസ് അദ്ധ്യക്ഷത വഹിച്ചു. കേരള ബാങ്ക് തൃശ്ശൂർ റീജിയണൽ ജനറൽ മാനേജർ ശ്രീ. ജോളി ജോൺ, ജനറൽ മാനേജർമാരായ ശ്രീ. റോയ് ടി.കെ, ഡോ. എൻ. അനിൽകുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ.ഷാജു പി. ജോർജ്ജ്, ഡി.ജി.എം (ഇൻ ചാർജ്) ശ്രീ.കെ.ആർ സുമഹർഷൻ, സീനിയർ ബ്രാഞ്ച് മാനേജർ, ശ്രീ. രാജേഷ് കെ. ആർ എന്നിവർ സംസാരിച്ചു. ജില്ലയിലെ 65 ശാഖകളിൽ നിന്നും സി.പി.സി യിൽ നിന്നും മുഴവൻ ജീവനക്കാരും യോഗത്തിൽ പങ്കെടുത്തു.



# കോഴിക്കോട് കോർപ്പറേഷൻ വായ്പാമേള: സംരംഭങ്ങൾക്ക് ഒറ്റ ദിവസം 60 ലക്ഷം രൂപ വായ്പ നൽകി കേരള ബാങ്ക്




കേരള സർക്കാരിന്റെ ഒരുവർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് കോർപറേഷൻ നടത്തിയ ലോൺ, ലൈസൻസ്, സബ്സിഡി മേളയിൽ കേരള ബാങ്ക് ഒറ്റദിവസം 12 സംരംഭങ്ങൾക്കായി 60 ലക്ഷം രൂപ വായ്പ നൽകി. കോർപറേഷൻ പരിധിയിലുള്ള നടക്കാവ്, ചെറൂട്ടി റോഡ്, വെള്ളയിൽ, ലേഡീസ്, ബേപ്പൂർ, മലാപ്പറമ്പ് , മാവൂർ റോഡ് ശാഖകളാണ് വായ്പ നൽകിയത്. വായ്പകൾ ടാഗോർ ഹാളിൽ നടന്ന ചടങ്ങിൽ തുറമുഖ വകുപ്പ് മന്ത്രി, ശ്രീ. അഹമ്മദ് ദേവർകോവിൽ വിതരണം ചെയ്തു.

# കേരള ബാങ്ക് - സ്വാതന്ത്ര്യദിനാഘോഷങ്ങൾ



കേരള ബാങ്കിന്റെ ഹെഡ്ഓഫീസിൽ ബാങ്ക് ഡയറക്ടർ അഡ്വ.എസ്. ഷാജഹാൻ ദേശീയ പതാക ഉയർത്തിയതിനുശേഷം സന്ദേശം നൽകുന്നു.സൈനിക സേവാ മെഡൽ ലഭിച്ച ബാങ്ക് സെക്യൂരിറ്റി ജീവനക്കാരനും വിമുക്ത ഭടനുമായ ശ്രീ. എ. വിജയ കുമാറിനെ ചടങ്ങിൽ ആദരിക്കുന്നു.



സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ച് തിരുവനന്തപുരം RO യിൽ ജനറൽ മാനേജർ ഇൻ ചാർജ് ശ്രീ. ഗിരീഷ് കുമാർ ദേശീയ പതാക ഉയർത്തുന്നു.



സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി കേരള ബാങ്ക് പത്തനംതിട്ട CPC അങ്കണത്തിൽ ബാങ്ക് ഡയറക്ടർ, ശ്രീമതി. എസ്. നിർമ്മലാ ദേവി ദേശീയ പതാക ഉയർത്തുന്നു. റീജിയണൽ ജനറൽ മാനേജർ ശ്രീമതി. ലതാ പിള്ള, ഡിജിഎം, ശ്രീമതി കെ. എൻ. ഉഷാകുമാരി എന്നിവർ സമീപം.






സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി കേരള ബാങ്ക് എറണാകുളം CPC അങ്കണത്തിൽ ബാങ്ക് സി.ഇ.ഒ ശ്രീ. പി. എസ്. രാജൻ ദേശീയ പതാക ഉയർത്തി. ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം അഡ്വ. മാണി വിതയത്തിൽ, സി.ജി.എം ശ്രീ. രാജേഷ് എ.ആർ., ജനറൽ മാനേജർമാരായ ശ്രീ. ജോളി ജോൺ, ഡോ. എൻ. അനിൽകുമാർ എന്നിവർ സ്വാതന്ത്ര്യ ദിന സന്ദേശം നൽകി..



സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി കേരള ബാങ്ക് കോഴിക്കോട് റീജിയണൽ ഓഫീസിൽ ബാങ്ക് ഡയറക്ടർ, ശ്രീ. ഇ. രമേശ് ബാബു ദേശീയ പതാക ഉയർത്തുന്നു. കോഴിക്കോട് സി.പി.സി ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. പി. ബാലഗോപാലൻ സമീപം.



കാസറഗോഡ് ജില്ലയിലെ PACS-KB Excellence Award വിതരണം ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എംഎൽഎ നിർവ്വഹിച്ചു. Mission 100 days ജില്ലാ തല ശില്പശാല ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിക്കൽ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ. പി. എസ്. രാജൻ, ബാങ്ക് ഡയറക്ടർമാരായ ശ്രീ. സാബു എബ്രഹാം, ശ്രീമതി കെ. ജി. വത്സലകുമാരി എന്നിവർ സംസാരിച്ചു. ചീഫ് ജനറൽ മാനേജർ ശ്രീ. കെ സി. സഹദേവൻ മുഖ്യപ്രഭാഷണം നടത്തി.



# കേരള ബാങ്ക് ബി ദി നമ്പർ വൺ കാമ്പയിൻ; അനുമോദനവും സ്റ്റാഫ് മീറ്റും നടത്തി

കോഴിക്കോട്



കേരള ബാങ്ക് ബി ദി നമ്പർ വൺ കാമ്പയിൻ അനുമോദനവും സ്റ്റാഫ് മീറ്റും കേരള ബാങ്ക് ഡയറക്ടറും കൺസ്യൂമർഫെഡ് ചെയർമാനുമായ ശ്രീ. എം. മെഹബൂബ് ഉദ്ഘാടനം ചെയ്യുന്നു

കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ബി ദി നമ്പർ വൺ ക്യാമ്പയിന്റെ ഭാഗമായുള്ള സംസ്ഥാന തല മിനിസ്റ്റേഴ്സ് ട്രോഫികൾ സ്വന്തമാക്കിയ ശാഖകൾക്കുള്ള അനുമോദനവും സ്റ്റാഫ് മീറ്റും നടന്നു. കേരള ബാങ്ക് കോഴിക്കോട് സി.പി.സി ഇരിങ്ങൽ സർഗാലയയിൽ സംഘടിപ്പിച്ച പരിപാടി കേരള ബാങ്ക് ഡയറക്ടറും കൺസ്യൂമർഫെഡ് ചെയർമാനുമായ ശ്രീ.എം മെഹബൂബ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ശ്രീ. ഇ. രമേശ് ബാബു അധ്യക്ഷതവഹിച്ചു. സംസ്ഥാനത്തെ ഏറ്റവും മികച്ച ശാഖക്കുള്ള മിനിസ്റ്റേഴ്സ് ട്രോഫി നേടിയ കൊയിലാണ്ടി ശാഖയ്ക്കും ജില്ലാതലത്തിൽ മികച്ച ശാഖയായി തെരഞ്ഞെടുക്കപ്പെട്ട ഉള്ളിയേരി ശാഖയ്ക്കും ഡയറക്ടർ ശ്രീ. സാബു എബ്രഹാം ഉപഹാരം നൽകി. ചീഫ് ജനറൽ മാനേജർ ശ്രീ. കെ. സി. സഹദേവൻ മുഖ്യപ്രഭാഷണം നടത്തി. തുടർച്ചയായ വർഷങ്ങളിൽ നിഷ്ക്രിയ ആസ്തി പൂർണ്ണമായും പിരിച്ചെടുത്ത വാണിമേൽ, കുറ്റിക്കാട്ടൂർ, നാദാപുരം ടൗൺ ശാഖകൾക്കും ജില്ലാതലത്തിൽ മികച്ച പ്രകടനം നടത്തിയ പൂനൂർ, താമരശ്ശേരി, പേരാമ്പ്ര, കുന്ദമംഗലം, കുറ്റിക്കാട്ടൂർ, നരിക്കുനി, അത്തോളി, കിണാശ്ശേരി, കക്കോടി, കക്കട്ടിൽ, മാവൂർ റോഡ് ശാഖകൾക്കും ചടങ്ങിൽ അവാർഡുകൾ നൽകി. വായ്പാ കുടിശ്ശിക നിവാരണത്തിനായി കേരള ബാങ്കിൽ ആരംഭിച്ച മിഷൻ 100 ഡേയ്സ് പദ്ധതി റീജിയണൽ ജനറൽ മാനേജർ, ശ്രീ. സി. അബ്ദുൽ മുജീബ് വിശദീകരിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർമാരായ ശ്രീമതി കെ. എം. റീന, ശ്രീ. കെ. ദിനേശൻ, സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. പി. സി. സുനിൽകുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർ ഇൻചാർജ് ശ്രീ. ഐ. കെ. വിജയൻ, കെബിഇഎഫ് സംസ്ഥാന കമ്മറ്റി ജനറൽ സെക്രട്ടി ശ്രീ. കെ. ടി. അനിൽകുമാർ, കെബിഇസി സംസ്ഥാനകമ്മറ്റി ട്രഷറർ ശ്രീ. കെ. കെ. സജിത്ത്കുമാർ എന്നിവർ പ്രസംഗിച്ചു. ശ്രീ. പി. പ്രേമാനന്ദൻ, ശ്രീ. പി. കെ. രാജേഷ് എന്നിവർ പ്രസംഗിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ.പി ബാലഗോപാലൻ സ്വാഗതവുംസീനിയർമാനേജർ ശ്രീ.വിനോദൻ ചെറിയാലത്ത് നന്ദിയും പറഞ്ഞു.




Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.PO, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905